# 15
# ഭൂതകാലത്തിൽ ജീവിച്ച സഭ
## (3:1– 6)

മുപ്പതു വർഷമായി സൂക്ഷിച്ചിരുന്ന ഒരു ഓർമ്മക്കുറിപ്പു പുസ്തകം, ഞാൻ അടുത്ത സമയത്ത് വായിക്കയുണ്ടായി. അതിലെ വാക്കുകൾ ദശാബ്ദ ങ്ങൾക്കു മുൻപുള്ളതായിരുന്നുവെങ്കിലും, അവ എന്റെ ജീവിതത്തിലെ സങ്കീർണ്ണമായ പല ഓർമ്മകളും എന്നിൽ ഉണർത്തി: ഞാനും എന്റെ ഭാര്യ ജോയും ആസ്ട്രേലിയയിൽ മിഷ്ണറിമാരായി പോകണോ വേണ്ടയോ എന്ന് സംശയിച്ച സമയമായിരുന്നു അത്. ഞങ്ങൾക്ക് ആദ്യമായി ജനിച്ച കുഞ്ഞ് ആഞ്ജി അവസാനത്തെ കുഞ്ഞായിരിക്കുമെന്ന് ഞങ്ങളോട് പറയുകയുണ്ടാ യി. എന്റെ രണ്ടു പുസ്തകങ്ങൾ പ്രസിൽനിന്നിറങ്ങുകയും, ഭാവിയിൽ പു സ്തകരചനയിൽ മുഴുകണമെന്ന് വിചാരിക്കുകയും ചെയ്തിരുന്നു. ഞാൻ ആ ഓർമ്മക്കുറിപ്പു വായിച്ചപ്പോൾ എന്റെ സ്വപ്നത്തിനും പ്രത്യാശക്കും ഉണ്ടായ വിജയവും പരാജയവും കാണാതിരിക്കുവാൻ കഴിഞ്ഞില്ല.

അതുപോലെ, ആസ്യയിലെ ഏഴ് സഭകൾക്കുള്ള എഴുത്തുകൾ വായിക്കു മ്പോൾ, നമ്മുടെ ജീവിതത്തിലെ വിജയപരാജയങ്ങൾ വിലയിരുത്തുവാൻ നാം നിർബന്ധിതരാകും. അവ പഴക്കം ചെന്നു പൊടിപിടിക്കുന്ന എഴുത്തുക ളല്ല, മറിച്ച്, നമ്മുടെ ആത്മാക്കൾ കാണാവുന്ന ജീവിക്കുന്ന കണ്ണാടിയാണ്.

ഇപ്പോഴത്തെ നമ്മുടെ പഠനം, അഞ്ചാമത്തെ എഴുത്തിനെ കുറിച്ചുള്ള താണ്, അത് പ്രശസ്തമായ സർദ്ദീസിനുള്ളതാണ്.[1] നല്ലതൊന്നും പറയാത്ത സംശയാസ്പദമായ വ്യത്യാസങ്ങളുള്ള രണ്ട് സഭകളിൽ ഒന്നാണ് ഈ സഭ – ചുരുങ്ങിയത് ആ ഇടവക മുഴുവനും.[2] എങ്കിലും, അവിടെ കുറച്ചുപേർ അപ്പോഴും ശരിയായത് പ്രവർത്തിക്കുന്നവരായിട്ടുണ്ടായിരുന്നു (3:4). നമ്മുടെ പഠനത്തിനിടയിൽ, ആ പ്രത്യേകതയുള്ള ആളുകളെ നാം ശ്രദ്ധിക്കുന്നതാണ്.

### ഗർവ്വമുള്ള ഒരു ജില്ല (3:1)

എഴുത്ത് തുടങ്ങുന്നു. “സർദ്ദീസിലെ[3] സഭയുടെ ദൂതന്ന് [സന്ദേശവാഹ കന്] എഴുതുക” (വാ. 1).

ഏഴ് സഭകളെ കുറിച്ചുള്ള നമ്മുടെ ഇതുവരെയുള്ള പഠനത്തിൽ, സമൂ ഹത്തിൽനിന്ന് ആ ഇടവകകൾക്ക് ചില അനുഭവങ്ങൾ നേരിട്ടതായി നാം കാണുകയുണ്ടായി – അത് ഒന്നുകിൽ ക്രിയാത്മകമോ അല്ലെങ്കിൽ നിഷേധമോ ആയിരിക്കും. സഭ സമൂഹത്തെയാണ് സ്വാധീനിക്കേണ്ടത് (മത്തായി 5:13–16), പക്ഷെ പലപ്പോഴും സംഭവിക്കുന്നത് നേരെ മറിച്ചാണ്. അതിനുള്ള ഏറ്റവും നല്ല ഉദാഹരണമാണ് സർദ്ദീസ് സഭ. സഭയെ ബാധിച്ച പട്ടണത്തിന്റെ മൂന്നു സ്വഭാവങ്ങൾ നമുക്ക് നോക്കേണ്ടതായിട്ടുണ്ട്:

(1) *സർദ്ദീസിന് ചരിത്രപരമായ ഒരു ഭൂതകാല മഹത്വമുണ്ടായിരുന്നു.*

ആസ്യയിലെ ഏറ്റവും പുരാതനവും വലുതുമായ പട്ടണമായിരുന്നു സർദ്ദിസ്. ബി. സി. 560–ൽ., ക്രൊയേസസിന്റെ കീഴിൽ,[4] അത് പുരാതനമായ ഒരു സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു. ആരംഭത്തിൽ ആ പട്ടണം പണിതിരുന്നത് മോളസ് മലയിലായിരുന്നു. ആ മലയുടെ അടിവാരത്തിൽ ഉണ്ടായിരുന്ന നദിയിൽ നിറയെ സ്വർണ്ണം-കലർന്ന മണലായിരുന്നു, അതാണ് ക്രൊയേസസിനെ സമ്പന്നമാക്കിയത്.[5] ക്രൊയേസസായിരുന്നു ആദ്യമായി ഗവൺമെന്റിന്റേതായ നാണയം ഇറക്കിയത്: ആധുനികമായ അർത്ഥത്തിൽ പണം എന്ന വാക്ക് ആദ്യമായി സംഭാവന ചെയ്തത് സർദ്ദിസ് ആയിരുന്നു.[6] പാർസി മഹാരാജാവായിരുന്ന കോരശ് ആ പട്ടണം പിടിച്ചടക്കിയപ്പോൾ അവിടെനിന്ന് 600 ദശലക്ഷം ഡോളർ സ്വർണ്ണനാണയങ്ങൾ ശേഖരിച്ചുകൊണ്ടുപോയി! സമ്പത്തിന്റെ മറ്റൊരു ഉറവിടം, മുഖ്യമായ ഉൾറോഡുകളും തീരദേശപട്ടണങ്ങളും ബന്ധിപ്പിക്കുന്നതിനടുത്തായിരുന്നു ആ പട്ടണം. അതുകൊണ്ട് ആ പട്ടണം ധനികമായ ഒരു വ്യവസായ പട്ടണമായിരുന്നു.

(2) *അമിതമായ ആത്മവിശ്വാസ ചരിത്രമായിരുന്നു സർദ്ദിസിനുണ്ടായിരുന്നത്*. ആദ്യം പട്ടണം പണിതത് മോളസ്പർവ്വതശിഖരത്തിന്മേലായിരുന്നു, അതു കോട്ടക്കുള്ളിലെ സ്വാഭാവികഅഭയസ്ഥാനമായി രൂപപ്പെട്ടിരുന്നു. വിസ്തൃതവും ഫലപൂയിഷ്ടവുമായ സമതലത്തിൽനിന്ന്, 1500 അടി ഉയരമുള്ള ഗോപുരം പോലെ പർവ്വതശിഖരം ഉയർന്നു നിന്നിരുന്നു, ഇരുവശവും കുത്തനെ മിനുസമുള്ളതുമായിരുന്നു. പട്ടണത്തിലേക്കുള്ള പ്രവേശനമാർഗം വളരെ ഇടുങ്ങിയതും, ചുരുക്കം പേർക്കു തന്നെ പ്രതിരോധിക്കാവുന്നതുമായിരുന്നു. അതു പിടിച്ചെടുക്കുവാനസാധ്യമെന്ന പോലെ തോന്നിച്ചിരുന്നു.

പാർസിരാജാവായ കോരശിനെ തനിക്ക് തോൽപിക്കുവാൻ കഴിയുമെന്ന് ക്രൊയേസസ് രാജാവിന് ഒരു അരുളപ്പാടുണ്ടായതായി വിശ്വസിച്ചു.[7] അവൻ പരാജയപ്പെട്ടപ്പോൾ, “പിടിച്ചെടുക്കുവാനസാധ്യമായ” കോട്ടയിലേക്ക് പിൻവാങ്ങി. ആ ഇടുങ്ങിയ വഴിയല്ലാതെ പട്ടണത്തിൽ പ്രവേശിക്കുവാൻ വേറെ മാർഗം ഉണ്ടെങ്കിൽ അതു കണ്ടുപിടിക്കുന്നവർക്ക് കോരശ് പ്രതിഫലം വാഗ്ദാനം ചെയ്തിരുന്നു. ഒരു പാർസി പടയാളി നോക്കിയപ്പോൾ സർദ്ദീസുകാരനായ ഒരു പടയാളിയുടെ ഹെൽമെറ്റ് പർവ്വതമുകളിൽനിന്ന് ഉരുണ്ടുവരുന്നതു കണ്ടു. കുറച്ചു കഴിഞ്ഞപ്പോൾ, ആ പടയാളി താഴേക്ക് ഇറങ്ങിവന്ന് ആ ഹെൽമെറ്റ് എടുത്തുകൊണ്ട് മുകളിലേക്ക് കയറി പോകുന്നതുകണ്ടു. സർദ്ദീസ് പടയാളിക്ക് താഴെനിന്ന് മുകളിലേക്ക് കയറി പോകാമെങ്കിൽ പാർസിപടയാളികൾക്കും അതിലെ പോകാമെന്ന് ആ പടയാളി വിചാരിച്ചു. അങ്ങനെ രാത്രി ഒരുകൂട്ടം പാർസി പടയാളികൾ പർവ്വതശിഖരത്തിൽ കയറി പട്ടണത്തിൽ ചെന്നപ്പോൾ, അമിതമായ ആത്മവിശ്വാസം നിമിത്തം യാതൊരു സുരക്ഷിതത്വമുൻകരുതലുമില്ലാതിരുന്ന പട്ടണത്തെ എളുപ്പത്തിൽ വളയുകയും – പട്ടണത്തെ കീഴ്പ്പെടുത്തുകയും ചെയ്തു.[8]

(3) *ഒന്നാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും, സർദ്ദീസ് ജീവിച്ചത് ഭൂതകാല മഹിമയിലായിരുന്നു*. കോരശ് ആ പട്ടണം പിടിച്ചടക്കിയശേഷം, യുദ്ധോപകരണങ്ങൾ ഉണ്ടാക്കുവാൻ സർദ്ദീസുകാരെ അനുവദിച്ചിരുന്നില്ല. പിതാക്കന്മാർക്ക് അവരുടെ മക്കളെ വീണ വായിക്കുന്നതിനും, നൃത്തവും, വ്യവസായവും മാത്രമെ പഠിപ്പിക്കുവാൻ അനുവാദമുണ്ടായിരുന്നുള്ളു. സർദ്ദീസിനെ “നൃത്ത-സംഗീതവിദഗ്ദ്ധരുടെയും കച്ചവടക്കാരുടേയും പട്ടണം”[9] എന്നാണ് വില്യം ബാർക്ലേ വിളിച്ചത്. പിന്നീട്, ഏ. ഡി. 17-ൽ പട്ടണം ഒരു

ഭൂമികുലുക്കത്താൽ നശിച്ചുപോയി. അതു പുതുക്കി പണിതെങ്കിലും പഴയ പ്ര താപത്തിലേക്ക് എത്തിയില്ല. വെളിപ്പാട് 3:1-6 എഴുതിയപ്പോഴേക്കും, സർദ്ദിസ് പഴയകാല പ്രതാപത്തിൽ ജീവിച്ചിരുന്ന ഒരു മൂന്നാം കിട ടൗണായി തീർന്നി രുന്നു.

നാം കാണുവാൻ പോകുന്നതുപോലെ, സർദ്ദിസിലെ സഭയ്ക്ക് ആ പട്ടണത്തിന്റെ സ്വഭാവമായിരുന്നു.

## ക്രിയാത്മകമായ ഒരു വിവരണം (3:1)

സർദ്ദിസ് സഭയിലെ രോഗം യേശു പരിശോധിക്കുന്നതിന് മുൻപ്, "ദൈവ ത്തിന്റെ ഏഴാത്മാവും ഏഴ് നക്ഷത്രവുമുള്ളവൻ" എന്നാണ് അവനെ പരിചയ പ്പെടുത്തിയത് (വാ. 1). എഴുത്തുകളിൽവെച്ച് ഏറ്റവും ആശ്വസിപ്പിക്കുന്ന ഒരു വിവരണമാണിത്.[10] "ഏഴ് ആത്മാക്കൾ" എന്ന പ്രയോഗം ആദ്യം നാം കണ്ടത് 1:4 ലാണ്, അവിടെ അത് പരിശുദ്ധാത്മാവിനെ കുറിച്ചാണ് പറഞ്ഞിരിക്കുന്നത്.[11] പരിശുദ്ധാത്മാവ് ക്രിസ്ത്യാനികളെ സഹായിക്കുന്നതിനും ശക്തിപ്പെടുത്തുന്ന തിനുമാണ് നൽകുന്നത് എന്നതുകൊണ്ട് (പ്രവൃത്തികൾ 2:38; 5:32; റോമർ 8:11, 13, 26), യേശുവിന് "ഏഴ് ആത്മാവുണ്ട്" എന്ന വസ്തുത സൂചിപ്പിക്കുന്നത് അവൻ ക്രിസ്ത്യാനികളെ ആശ്വസിപ്പിക്കുവാൻ തയ്യാറായിരിക്കുന്നു എന്നാ ണ്. അവന്ന് "ഏഴ് നക്ഷത്രങ്ങളുണ്ട്" എന്നതിനും അതേ അർത്ഥമാണുള്ളത്. 1:16 അനുസരിച്ച്, യേശു ആ നക്ഷത്രങ്ങൾ തന്റെ ശക്തിയുള്ള, വലങ്കയ്യിലാണ് പിടിച്ചിരിക്കുന്നത്. തന്റെ ആളുകളെ അവനു സൂക്ഷിപ്പാനും സംരക്ഷിപ്പാനു മുള്ള കഴിവാണ് അത് പ്രകടിപ്പിക്കുന്നത്.[12] (ഈ പാഠത്തിന്റെ അവസാനം ഉള്ള "നിലവിളക്കുകളുടെ നടുവിൽ നടക്കുന്ന യേശുവിനെ കുറിച്ചുള്ള ദർശനം" എന്ന ചിത്രീകരണം നോക്കുക.)

സർദ്ദിസ് സഭയെ കുറിച്ച് പൊതുവായ പ്രശംസ ഒന്നും പറയാത്ത സ്ഥിതിക്ക് യേശു എന്തിനാണ് ഈ ആശ്വാസസന്ദേശം നൽകിയത്? പരീക്ഷണ നിബന്ധനകളിലൂടെ കടന്നുപോയ്ക്കൊണ്ടിരുന്ന അവിടത്തെ വിശ്വസ്തരായ "ചുരുക്കം" പേരെ (3:4) പ്രോൽസാഹിപ്പിക്കുന്നതിനായിരിക്കാം.

## വേദനാജനകമായ ഒരു രോഗനിർണ്ണയം (3:1, 2)

എഫെസൊസ്, തുയഥേര എന്നീ സഭകൾക്ക് എഴുതിയപ്പോൾ മുഖ്യഭാ ഗത്ത് ഉപയോഗിച്ച അതേ വാക്കുകൾ തന്നെയാണ് ഇതിലും ഉപയോഗിച്ചത്: "ഞാൻ നിന്റെ പ്രവൃത്തികൾ അറിയുന്നു" (വാ. 1).[13] യേശു പിന്നീട് ആ രണ്ട് ഇടവകകളെയും പ്രശംസിക്കയുണ്ടായി. എഫെസൊസിലുള്ള ക്രിസ്ത്യാനി കളോട് അവൻ പറഞ്ഞു, "ഞാൻ നിന്റെ പ്രവൃത്തിയും, പ്രയത്നവും, സഹി ഷ്ണുതയും, കൊള്ളരുതാത്തവരെ നിനക്ക് സഹിച്ചുകൂടാത്തതും അറിയുന്നു ..." (2:2). അവൻ തുയഥൈരയിലുള്ളവരെ പ്രശംസിച്ചുകൊണ്ട്, പറഞ്ഞു, "ഞാൻ നിന്റെ പ്രവൃത്തിയും, നിന്റെ സ്നേഹം. വിശ്വാസം, ശുശ്രൂഷ, സഹി ഷ്ണുത, എന്നിവയും നിന്റെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിലും ഏറെ യെന്നും അറിയുന്നു" (2:19).

ആ ഏഴ് എഴുത്തുകളും വെവ്വേറെയല്ല വിതരണം ചെയ്തത് എന്ന് ഓർമ്മി ക്കുക. ഏഴ് സഭകളിൽ ഒന്ന് എഴുത്തുവായിച്ചുകേൾക്കുവാൻ കൂടി വന്ന പ്പോൾ, മറ്റ് ആറ് എഴുത്തുകളും കേട്ടിരിക്കും. അതുകൊണ്ട് സർദ്ദിസിലുള്ള സഹോദരങ്ങൾ അവർക്കുള്ള എഴുത്ത് വായിച്ചുകേൾക്കുന്നതിനുമുൻപ്,

യേശു മറ്റു നാല് ഇടവകകളെ പ്രോൽസാഹിപ്പിച്ചത് വായിച്ചു കേട്ടിരിക്കും. എഫെസൊസിലെയും, തുയഥൈരയിലേയും സഭകളെ പുകഴ്ത്തിയതിനുപുറമെ, സ്മൂർന്നയിലെ സഭ കഷ്ടതയിലും വിശ്വസ്തരായിരുന്നതിനും, പെർഗമൊസ് സഭ അവന്റെ നാമം മുറുകെ പിടിച്ചതിനും യേശു അവരെ അനുമോദിക്കുന്നുണ്ട്. സർദ്ദിസ് സഭയ്ക്ക് ഒരു ഭൂതകാല പ്രശസ്തി ഉണ്ടായിരുന്നതുകൊണ്ട്, തങ്ങളെ ഉദാരമായി പ്രശംസിക്കുമെന്ന് അവിടത്തെ അംഗങ്ങൾ വിചാരിച്ചിരിക്കാം. പക്ഷെ അതിനുപകരം, അവർ കേട്ടത് വീർപ്പുമുട്ടുന്നതും ദേഷ്യപ്പെടുത്തുന്നതുമായ ദൈവിക വിലയിരുത്തലാണ്. മൂലഗ്രന്ഥത്തിൽ ആ വിലയിരുത്തൽ വെറും ആറു വാക്കുകളിലൊതുക്കിയിരിക്കുന്നു, പക്ഷെ, അത് ഊഹിക്കുവാൻ-കഴിയുന്നതിനപ്പുറം വിഷമകരമായ ഭാഷയാണ്. “ജീവനുള്ളവൻ എന്ന് നിനക്ക് പേർ ഉണ്ടെങ്കിലും നീ മരിച്ചവനാകുന്നു” (വാ. 1).

ആ ഇടവകക്ക് “ജീവനുള്ളവൻ” എന്ന “പേർ” ഉണ്ടായിരുന്നു - സഹോദരവർഗത്തിൽ ആത്മിയശക്തിയുള്ള ജനസംഖ്യ.[14] നിങ്ങൾ ഒരു ഞായറാഴ്ച്ച അവരുടെ ആരാധനയിൽ പങ്കെടുത്തിട്ടുണ്ടെങ്കിൽ, നിങ്ങൾക്ക് ഇഷ്ടപ്പെടും - അവർ ചൊല്ലുന്ന പ്രാർത്ഥനയും, മധുരമായ ഗാനങ്ങളും, മനോഹരമായ പ്രസംഗവും, പ്രാഗത്ഭ്യമുള്ള കർത്തൃമേശ ആചരിക്കലും, ഉദാരമായ ധർമ്മശേഖരവും - കാണുമ്പോൾ, നിങ്ങൾ പുറത്തുപോയി പറയും, “അത് ക്രിസ്തുവിനുവേണ്ടി ജീവിക്കുന്ന ഒരു സഭ തന്നെ!”

എങ്ങനെയായാലും, മനുഷ്യൻ കാണുന്നതുപോലെ അല്ല, ദൈവം കാണുന്നത് (1 ശമുവേൽ 16:7). ഈ സഭയെ - ആത്മിയമായി “മരിച്ചത്” എന്നാണ് കർത്താവ് പ്രഖ്യാപിച്ചത്, അത് 1 തിമൊഥെയൊസ് 5:6-ൽ പറഞ്ഞ “ജീവിച്ചിരിക്കിലും ചത്തവൾ” എന്ന് പറഞ്ഞ സ്ത്രീയെ പോലെയാണ്. “മരണം” എന്ന വാക്കിനെ “വേർപാട്” എന്നു നിർവ്വചിക്കാം;[15] ആത്മിയ മരണം ദൈവത്തിൽനിന്നുള്ള വേർപാടാണ് (യെശയ്യാവ് 59:1, 2). കർത്താവിനോടുള്ള അതിന്റെ ബന്ധം ശരിയല്ലാത്തതുകൊണ്ട്, സർദ്ദിസ് സഭയ്ക്ക് ഒരു ബഹുമതിയുണ്ടായിരുന്നു, എന്നാൽ അത് വാസ്തവത്തിൽ ശക്തമായിരുന്നില്ല.

സർദ്ദീസിലെ ക്രിസ്ത്യാനികളെ യേശു വിലയിരുത്തുന്നത് അത്ഭുതപ്പെടുത്തുന്നതായി അംഗീകരിക്കുവാൻ ഭൗതികമായി വീര്യം കാണിക്കുന്ന ഒരു മനുഷ്യനെ നാം ഊഹിക്കേണ്ടിയിരിക്കുന്നു. (നമുക്ക് അയാളെ ജോൺസ് എന്നു വിളിക്കാം.) തന്റെ യുവത്വത്തിൽ, ജോൺസ് നല്ല ഒരു കായികാഭ്യാസി ആയിരുന്നു, ആരോഗ്യകരമായ ആ ചിത്രം അയാൾ ഇപ്പോഴും ഇടക്കിടക്ക് നോക്കും. പതിവായ പരിശോധനക്കായി അദ്ദേഹം ഒരു ദിവസം ഡോക്ടറുടെ അടുക്കൽ പോയി. എല്ലാ പരിശോധനയും നടത്തിയശേഷം ഡോക്ടർ തിരിച്ച് വന്ന് അയാളുടെ കണ്ണുകൾ നോക്കി പറഞ്ഞു, “ജോൺസേ, നിങ്ങൾ ഒരു മരിച്ച മനുഷ്യനാണ്.” സർദ്ദിസിൽ യേശു നടത്തിയ ആത്മിയ പരിശോധനക്കു ശേഷമുള്ള വിലയിരുത്തലിൽ അവർ ഞെട്ടിയതിനേക്കാൾ വലുതായ കുലുക്കമൊന്നും വൈദ്യപരിശോധനക്കു ശേഷം ഡോക്ടർ നടത്തിയ വിലയിരുത്തലിൽ ജോൺസിനുണ്ടായില്ല.

“അകൃത്യങ്ങളിലും പാപങ്ങളിലും ... മരിച്ചവരായിരുന്നു” എന്ന ആ വിലയിരുത്തൽ ആദ്യത്തേതോ അവസാനത്തേതോ ആയിരുന്നില്ല (എഫെസ്യർ 2:1). ഒരു ഞായറാഴ്ച്ച രാവിലത്തെ ആരാധനക്കുശേഷം, വൈകുന്നേരത്തെ ആരാധനക്കു പ്രസംഗിക്കുവാൻ പോകുന്നത് സഭയിലെ ഒരു പ്രധാനപ്പെട്ട അംഗത്തിന്റെ ശവസംസ്ക്കാരത്തെ കുറിച്ചായിരിക്കും എന്ന് ഉപദേഷ്ടാവ് പ്ര

ഖ്യാപിച്ചു. ആ രാത്രിയിൽ ആരാധനക്ക് വന്നവരെല്ലാം ആരാധനാലയത്തിന്റെ മുൻപിൽ ഒരു ശവപ്പെട്ടി കിടക്കുന്നത് കണ്ട് ആരുടെ മൃതദേഹം ആയിരിക്കും അതിൽ എന്ന് ആശ്ചര്യപ്പെട്ടുകൊണ്ടിരുന്നു. പ്രസംഗത്തിനിടയിൽ മരിച്ചവരെ കുറിച്ചുള്ള പല കാര്യങ്ങളും ഉപദേഷ്ടാവ് ഓർപ്പിക്കുകയുണ്ടായി. അവസാനം, ആ ശവപ്പെട്ടിയിൽ ആരാണെന്നറിയുവാൻ ജിജ്ഞാസയുള്ളവർ ഓരോരുത്തരായി ആ ശവപ്പെട്ടി തുറക്കുമ്പോൾ ചെന്നു നോക്കുവാൻ ആവശ്യപ്പെട്ടു. അതു തുറന്നപ്പോൾ അതിനുള്ളിൽ ... കണ്ണാടിയുണ്ടായിരുന്നു. ഓരോരുത്തരും കണ്ടത് ... അവരവരുടെ പ്രതിബിംബമായിരുന്നു! ആ ഇടവകക്ക് ആത്മിയമായ നവീകരണം അനിവാര്യമാണെന്ന് ഉപദേഷ്ടാവ് പരോക്ഷമായി അവരെ ബോധ്യപ്പെടുത്തുകയായിരുന്നു! (സങ്കീർത്തനങ്ങൾ 85:6; 119:25.)

മരണം ഉടനെ ഉണ്ടാകുമെന്ന് നിങ്ങളോടും എന്നോടും ആരെങ്കിലും പറഞ്ഞാൽ രോഗപൂർവ്വനിരൂപണത്തിന്റെ തെളിവ് നാം ആവശ്യപ്പെട്ടേക്കാം. അടുത്ത രണ്ടുമൂന്നു വാക്യങ്ങളിൽ സർദ്ദിസ് സഭയ്ക്ക് നേരിട്ട മാരകമായ രോഗത്തിന്റെ ലക്ഷണങ്ങൾ യേശു പറയുന്നുണ്ട്:

(1) *മയക്കം*. ഊർജ്ജസ്വലനായിരുന്ന ഒരാൾ ഒന്നും ചയ്യുവാൻ താൽപര്യമില്ലാതെ ഉറങ്ങുവാനാണ് ആഗ്രഹിക്കുന്നതെങ്കിൽ, അയാൾ എത്രയും വേഗം ഒരു ഡോക്ടറുടെ പരിശോധനക്ക് വിധേയനാകണം. സർദ്ദിസ് സഭക്ക് യേശു കൊടുത്ത ആലോചന "ഉണരുക ..." എന്നായിരുന്നു (വാ. 2).

(2) *അലസത*. സജീവമായിരുന്ന ഒരാൾ അലസനായി തീർന്നാൽ, നമുക്ക് അയാളെ കുറിച്ച് വിചാരമുണ്ടാകും. സർദ്ദിസിലെ ക്രിസ്ത്യാനികൾ ഒരിക്കൽ വളരെ താല്പര്യമുള്ളവരായിരുന്നു, എന്നാൽ യേശു പറഞ്ഞു, "ഞാൻ നിന്റെ പ്രവൃത്തി എന്റെ ദൈവത്തിന്റെ സന്നിധിയിൽ[16] പൂർണ്ണതയുള്ളതായി കണ്ടില്ല"[17] (വാ. 2). അവർ ഉന്നതമായ പ്രവൃത്തി ചെയ്തു തുടങ്ങിയതാണ്, പക്ഷെ അവരുടെ താൽപര്യം നഷ്ടപ്പെട്ടു: അവർ ഒന്നും പൂർത്തിയാക്കിയില്ല.[18]

(3) *നിർവ്വികാരത*. അഹംഭാവിയായി കാണപ്പെട്ട ഒരാൾ വൃത്തിയും വെടിപ്പുമില്ലാതെ കാണപ്പെട്ടാൽ നാം ശ്രദ്ധിക്കും. 3:4–ൽ, യേശു പറഞ്ഞു, "എങ്കിലും ഉടുപ്പ് മലിനമാകാത്ത കുറെ പേർ സർദ്ദിസിൽ നിനക്കുണ്ട്,"[19] ശേഷിച്ചവരെയാണ് സൂചിപ്പിച്ചത്. "സോയിൽഡ്" എന്ന വാക്ക് ഗ്രീക്കിൽ നിന്നു തർജിമ ചെയ്തത് സൂചിപ്പിക്കുന്നത്, യാദൃശ്ചികമായി പുരണ്ട ചെറിയ ഒരു കറയല്ല. മറിച്ച്, അവിടെ പറയുന്ന അഴുക്ക് സൂചിപ്പിക്കുന്നത്, അഴുക്കിലും ചളിയിലും ഉരുണ്ടതിന്റെ ഫലമായി പുരണ്ട അഴുക്കായിട്ടാണ്.[20] "അന്യദേവന്മാരെ ആരാധിക്കുന്ന തങ്ങളുടെ അയൽക്കാരിൽനിന്ന് തങ്ങളെ വേർതിരിച്ചറിയുവാൻ പറ്റാത്ത രീതിയിൽ ജീവിക്കുവാനായിരുന്നു സർദ്ദിസിലുള്ള പലരും ക്രിസ്ത്യാനികളായി തീർന്നത്."[21] "ലോകത്താലുള്ള കളങ്കം പറ്റാതവണ്ണം" തങ്ങളെത്തന്നെ അലക്ഷ്യമില്ലാതെ കർത്താവിന്റെ കൽപന പ്രമാണിച്ചു ജീവിക്കുവാൻ അവർക്ക് കഴിഞ്ഞില്ല (യാക്കൊബ് 1:27).[22]

(4) ചപലത. ഒരാളുടെ പ്രതിരോധശക്തിക്ക് കോട്ടം സംഭവിച്ചാൽ, അയാളുടെ പ്രതിരോധശക്തി കുറയുകയും രോഗത്തിനിരയായിതീരുകയും ചെയ്യും. ആത്മിയമായി പറഞ്ഞാൽ അതായിരുന്നു സർദ്ദിസിലെ സഭക്ക് സംഭവിച്ചത്. ആ ഇടവകക്കുള്ള എഴുത്തിനെ കുറിച്ച് നാം പഠിക്കുമ്പോൾ, മറ്റു സഭകൾ നേരിട്ട കഷ്ടതയും പരീക്ഷണവും അവർ നേരിട്ടില്ല എന്നത് നമ്മെ അത്ഭുതപ്പെടുത്തും. അവർക്ക് എതിരിടുവാൻ ദുരുപദേഷ്ടാക്കന്മാരുമുണ്ടായിരുന്നില്ല (2:2, 6, 14, 15, 20). അവിശ്വാസികളായിരുന്ന യെഹൂദന്മാർ അവരെ ഉപദ്രവിച്ചുമില്ല

(2:9; 3:9). അവരെ ആരും തടവിലാക്കിയതുമില്ല (2:10). വിശ്വാസത്തിനുവേണ്ടി അവരാരും മരിച്ചതുമില്ല (2:13). അവർക്ക് സമാധാനമുണ്ടായിരുന്നു - അത് ശ്മശാന സമാധാനമായിരുന്നു.

അവർ ആരാധനക്കായി കൂടി വന്നിരുന്നു, എന്നാൽ അവരുടെ വിശ്വാസം സമൂഹത്തിൽ കർശനമായി ആരുമായും പങ്കിട്ടില്ല. അവർ അന്യദേവന്മാരെ നമസ്ക്കരിക്കുന്ന തങ്ങളുടെ അയൽക്കാരുമായി സൗകര്യപ്രദമായ സൗഹൃദത്തിൽ തന്നെ കഴിഞ്ഞു. വാരെൻ വിയെഴ്സ്ബെ തീർച്ചയാക്കി പറഞ്ഞു, "അവർ നശിക്കുന്ന ശുശ്രൂഷയും മരിക്കുന്ന സാക്ഷികളുമായ മാന്യരായ ആളുകളായിരുന്നു."[23] അവരെ "ഒരു മൂലയിൽ കൂടി വന്നിരുന്ന, മതപരമായ ഉപദ്രവമില്ലാത്ത, നല്ല ആളുകൾ" എന്നായിരിക്കാം ഒരുപക്ഷെ അറിയപ്പെട്ടിരുന്നത്. പാപത്തോട് എതിർപ്പില്ലാത്ത ഒരു കരാർ അവർ ഒപ്പിട്ടിരുന്നു - അതുകൊണ്ട് പിശാച് അവരെ അവരുടെ പാട്ടിന് വിട്ടിരുന്നു.

## തീഷ്ണമായ ഒരു പ്രഖ്യാപനം (3:2, 3)

സർദ്ദിസിലെ സഭക്ക് മാരകമായ രോഗം ബാധിച്ചിരിക്കാം, എന്നാൽ അവർക്ക് ആത്മിയമായി ഒരവസാന ശ്രമം നടത്തുന്നതിന് മുൻപ് അവരുടെ മരണ സർട്ടിഫിക്കറ്റിൽ ഒപ്പിടുവാൻ കർത്താവ് ഒരുക്കമായിരുന്നില്ല.[24] അവന്റെ ഉൽക്കടമായ അഭ്യർത്ഥന ശ്രദ്ധിക്കുക: "ഉണർന്നുകൊൾക,[25] ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്ക" (വാ. 2).

അവർ "മരിച്ചവർ" ആണെന്ന് യേശു പറഞ്ഞതുകൊണ്ട്, "*ചാവാറായ* നിന്റെ ശേഷിപ്പുകളെ, *ശക്തീകരിക്ക*" എന്ന വെല്ലുവിളി ഒരുപക്ഷെ അതിശയിപ്പിക്കുന്നതാകാം. മരിച്ചവരായിരുന്നിട്ടും അവർ എങ്ങനെ മരിക്കാതിരുന്നു? ആ ആരോഗ്യമുണ്ടെന്നു-കരുതിയ ആളുടെയും പരുഷമായി പറയുന്ന വൈദ്യന്റേയും ചിത്രീകരണം ഞാൻ ഒന്നു വിപുലമാക്കട്ടെ. "നിങ്ങൾ ഒരു മരിച്ച മനുഷ്യനാണെന്ന്" ഡോക്ടർ അയാളോട് പറഞ്ഞ ശേഷം, അല്പസമയത്തേക്ക് സത്ബ്ധനായിട്ട് പറഞ്ഞു, "എന്നാൽ അതിനു പറ്റിയ ഒരു ചികിൽസയുണ്ടല്ലൊ ... ഒരുപക്ഷെ, ഒരുപക്ഷെ അതു ഉപകരിച്ചേക്കാം." എന്റെ ചിത്രീകരണം പൂർണ്ണമായും യോജിക്കണമെന്നില്ല, കാരണം നമ്മുടെ വലിയ വൈദ്യൻ "*ഒരുപക്ഷെ* പ്രത്യാശക്ക് വകയുണ്ടായേക്കാം" എന്ന് ഒരിക്കലും പറയുകയില്ല. അവൻ പറയുന്നു, "എന്റെ നിർദ്ദേശങ്ങൾ നിങ്ങൾ അനുസരിച്ചാൽ, പ്രത്യാശയുണ്ടാകും." എന്നാണ്.

സർദ്ദിസ് സഭയിലെ അംഗങ്ങൾ എന്താണ് ചെയ്യേണ്ടിയിരുന്നത്? ഒന്നാമത്, അവർ *ഉണർന്ന്*, *അനുഭവപ്പെടുകയും*, *തിരിച്ചറിയുകയും* വേണമായിരുന്നു. യേശു പറഞ്ഞു, "ഉണർന്നുകൊൾക,[26] ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്ക" (വാ. 2). അവർ ആത്മിയ അവസ്ഥയിലേക്ക്, "ഉണരേണ" മായിരുന്നു (എഫെസ്യർ 5:14; റോമർ 13:11-14 നോക്കുക), അവർ തങ്ങളുടെ പഴയകാല പ്രതാപത്തിലാണ് ജീവിക്കുന്നതെന്ന് അനുഭവിച്ചറിയുകയും അവരുടെ ആത്മിയ അപകടം തിരിച്ചറിയുകയും വേണമായിരുന്നു. ഭൂതകാലത്തിൽനിന്ന് *പഠിക്കുക* എന്നത് അഭിലഷണീയമാണ്, പക്ഷെ ഭൂതകാലത്തിൽ *ജീവിക്കുന്നത്* വിപത്താണ്.

രണ്ടാമത്, അവരോട് പറഞ്ഞത്, *ഓർക്കുവാനും, നിലനിർത്തുവാനും, ആവർത്തിക്കുവാനു*മാണ്. യേശു പറഞ്ഞു, "ആകയാൽ,[27] നീ കേൾക്കുകയും പ്രാപിക്കുകയും ചെയ്തത് എങ്ങനെ എന്ന് ഓർത്ത്[28] കാത്തുകൊൾക"[29]

(വാ. 3). അവർ കേട്ട പ്രസംഗത്തെ ഓർക്കേണ്ടതിന് പകരം അവർക്ക് ഭൂത കാലത്തിൽ ലഭിച്ച പുകഴ്ച്ചയെകുറിച്ചായിരുന്നു അവർ ഓർമ്മിച്ചത്. അവർ അവരുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലേക്ക് തിരിച്ചുപോകയും, അവർ ആ സത്യത്തെ പിടിച്ചുകൊള്ളുകകയും വേണമായിരുന്നു. പിന്നെ അവർക്ക് അവരുടെ തെറ്റുകളിൽനിന്നു മാനസാന്തരപ്പെടുകയും വരുത്തേണ്ട മാറ്റങ്ങൾ വരുത്തുകയും വേണമായിരുന്നു!

അവർ കർത്താവിന്റെ നിർദ്ദേശങ്ങളെ അവഗണിച്ചാൽ എന്തു സംഭവിക്കുമായിരുന്നു? യേശു മുന്നറിയിച്ചു, "നീ ഉണരാതിരുന്നാൽ, ഞാൻ കള്ളനെപോലെ വരും, ഏതു നാഴികക്ക് നിന്റെമേൽ വരുമെന്ന് നീ അറിയുകയുമില്ല" (വാ. 3).[30] പാർസികൾ സർദ്ദീസുകാർ ഒരുങ്ങിയിരിക്കാത്ത സമയത്ത് രാത്രിയിൽ അപ്രതീക്ഷിതമായി മലഞ്ചെരുവിലൂടെ കയറിച്ചെന്ന് അവരെ കീഴ്പ്പെടുത്തിയതുപോലെ, സർദ്ദീസ് സഭ ഒരുങ്ങാതെയിരുന്നാൽ, യേശു അപ്രതീക്ഷിതമായി അവരുടെമേൽ വരുന്നത് വലിയ വിപത്തിൽ കലാശിക്കുകയും ചെയ്യും.[31]

## സ്ഥിരോൽസാഹികളായ ശിഷ്യന്മാർ (3:4)

ഇടവകയുടെ രോഗത്തെയും അതിനുള്ള പ്രതിവിധിയും, ജയിക്കുന്നവർക്കുള്ള വാഗ്ദാനത്തോടുകൂടി യേശുവിന് എഴുത്ത് അവിടെ അവസാനിപ്പിക്കാമായിരുന്നു. എന്നാൽ അവൻ അതിനു മുൻപ്, എങ്ങനെയായാലും, ഞാൻ സൂചിപ്പിച്ച "വിശ്വസ്തരായ കുറെ പേർ" അവിടെ ഉള്ളതായി ആ ഇടവകയെ അവൻ തിരിച്ചറിയിക്കുന്നുണ്ട്: "ഉടുപ്പ് മലിനമാകാത്ത കുറെ പേർ നിനക്ക് സർദ്ദിസിൽ ഉണ്ട്" (വാ. 4).

ദൈവത്തിന് വിശ്വസ്തരായ കുറെ പേർ എപ്പോഴുമുണ്ട്. അഭക്തിയുള്ള കാലത്ത് നോഹയും കുടുംബവുമുണ്ടായിരുന്നു. വിഗ്രഹാരാധനയുടെ കാലത്ത് അബ്രഹാമും അവന്റെ സന്തതിയുമുണ്ടായിരുന്നു. സോദോമിലും ഗൊമോറയിലും "നീതിമാനായ ലോത്ത്" ഉണ്ടായിരുന്നു (2 പത്രൊസ് 2:7). യേശു പറഞ്ഞു, "ജീവങ്കലേക്ക് പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവും ഉള്ളത്, അത് കണ്ടെത്തുന്നവർ *ചുരുക്കമത്രെ*" (മത്തായി 7:14; എംഫസിസ് മൈൻ). അതുപോലെ വിശ്വസ്തത കാത്തു സൂക്ഷിച്ച കുറെ പേർ സർദ്ദിസിലും ദൈവത്തിനുണ്ടായിരുന്നു.

യേശു വാഗ്ദാനം ചെയ്തു, "അവർ വെള്ളയുടുപ്പ്[32] ധരിച്ചുകൊണ്ട് എന്നോടുകൂടെ നടക്കും"[33] (വാ. 4). വെള്ളയുടുപ്പ് ധരിച്ച് അവനോടുകൂടെ നടക്കുവാൻ അവന്റെ വിജയത്തിൽ പങ്കാളിയാകണം. യുദ്ധം ജയിച്ച ശേഷം രാജാവ് തന്റെ അനുയായികളോടൊപ്പം രംഗപ്രവേശം ചെയ്യുന്ന ചിത്രമാണ് നമ്മെ ഓർപ്പിക്കുന്നത് (2 കൊരിന്ത്യർ 2:14).

പിന്നെ യേശു പറഞ്ഞു, "അവർ യോഗ്യന്മാർ" (വാ. 4). ആ "കുറെ" പേർ പൂർണ്ണതയുള്ളവരായിരുന്നു എന്ന് ആ പ്രയോഗത്തിനർത്ഥമില്ല, കാരണം നാമെല്ലാം പാപികളാണ് (റോമർ 3:10, 23) നാമാരും ദൈവത്തിന്റെ അനുഗ്രഹങ്ങൾക്ക് യോഗ്യതയുള്ളവരല്ല (ഉൽപത്തി 32:10; ലൂക്കൊസ് 17:10). മറിച്ച്, അവർ ആ പരീക്ഷണ ഘട്ടത്തിലും വിശ്വാസത്തിനായി തീവ്രശ്രമം നടത്തിക്കൊണ്ടിരുന്നതിനെയാണ് യേശു അഭിനന്ദിക്കുന്നത്. നമുക്ക് ചുറ്റുപാടുള്ളവരെല്ലാം – പ്രത്യേകിച്ച് മറ്റു ക്രിസ്ത്യാനികളും – അവിശ്വസ്തരായി ജീവിക്കുന്നതിനിടയിൽ വിശ്വസ്തമായി ജീവിക്കുന്നത് അത്ര എളുപ്പമല്ല. വിശ്വസ്തരായ കുറെ പേർക്കായി ദൈവത്തെ സ്തുതിക്കാം!

ഈ ലോകത്തിന്റെ നിലവാരം തരംതാഴ്ന്നുകൊണ്ടിരിക്കുമ്പോഴും "ദുഷ്ട മനുഷ്യർ ദോഷങ്ങളിൽ മുഴുകി വരുമ്പോഴും" (2 തിമൊഥെയൊസ് 3:13), പലരും കൈകുടഞ്ഞ് വിട്ടുകളയുമ്പോഴും, കുറെ പേർ തങ്ങളുടെ വിശ്വസ്തത തുടർന്നു വരുന്നു. ചില സ്ഥലങ്ങളിൽ, വിവാഹബന്ധങ്ങൾ ഉലയുകയും ലൈംഗികപാപം പെരുകുകയും ചെയ്യുമ്പോൾ, "എനിക്കും എന്തുകൊണ്ട് അതായി കൂടാ?" എന്ന് പലരും ചിന്തിക്കും - എന്നാൽ വിശ്വസ്തരായ കുറെ പേർ എപ്പോഴും പറയും, "ഞാൻ ഒരു ക്രിസ്ത്യാനി ആയതുകൊണ്ട്, അതു പാടില്ല." ഉദാസീനതയും തെറ്റുകളും ദേശത്ത് നിറയുമ്പോൾ, പലരും വിശാലമായ - പ്രചാരത്തിലിരിക്കുന്ന വഴിയിൽകൂടെ സഞ്ചരിക്കുവാൻ ഇഷ്ടപ്പെടുമ്പോൾ, വിശ്വസ്തരായ കുറെ പേർ എപ്പോഴും സമർപ്പിക്കപ്പെടുന്നത് ഇടുങ്ങിയ, ഏക വഴിയാണ് (മത്തായി 7:13, 14). വിശ്വസ്തരായ കുറെ പേർക്കായി ദൈവത്തിന് നന്ദി!

കർത്താവിന്റെ സഭയിലെ ഇടവകകളിൽ വിശ്വസ്തരായ കുറെ പേരുണ്ടാകും: അവർ എല്ലാ സഭായോഗങ്ങളിലും സന്നിഹിതരാകുകയും, അവരുടെ മിക്ക പണവും നൽകുകയും; അവർ സഭയുടെ മിക്ക ജോലികളും ചെയ്യുകയും, സ്നാനപ്പെട്ടവരിലും യഥാസ്ഥാനപ്പെടുത്തിയവരിലും മിക്കപേരും അവർ കണ്ടെത്തിയവരായിരിക്കും. സഭയിലെ ഭൂരിഭാഗം പേരിലും ദൈവസന്ദേശത്തിന്റെ ഫലം കാണാതിരിക്കുന്നതിൽ ഉപദേഷ്ടാക്കന്മാർക്ക് ചിലപ്പോൾ നിരാശ അനുഭവപ്പെട്ടേക്കാം; "നീതിക്കായി വിശന്നു ദാഹിക്കുന്ന കുറെ പേരെ" ശ്രദ്ധിക്കുവാൻ അവർ വേണ്ടതു ചെയ്തേക്കാം (മത്തായി 5:6). വിശ്വസ്തരായ കുറെ പേർക്കായി ദൈവത്തിന് നന്ദി!

### വാഗ്ദാനമുള്ള ഒരു പ്രഖ്യാപനം (3:5, 6)

സർദ്ദിസിലെ ഭൂരിഭാഗം പേരുടേയും സ്ഥിതി ആശാവഹമല്ല എന്നാണോ യേശു പറഞ്ഞത്? ഒരിക്കലുമല്ല. അവർ "ഉണരുകയും" "മാനസാന്തരപ്പെടുകയും ചയ്താൽ" (3:2, 3) അവർക്കും വിശ്വസ്തർക്ക് ലഭിക്കുമെന്നു പറഞ്ഞ അനുഗ്രഹങ്ങൾ ലഭിക്കും: "ജയിക്കുന്നവൻ വെള്ളയുടുപ്പ് ധരിക്കും, അവന്റെ പേർ ഞാൻ ജീവപുസ്തകത്തിൽ നിന്നു മായ്ച്ചുകളയാതെ എന്റെ പിതാവിന്റെ സന്നിധിയിലും, അവന്റെ ദൂതന്മാരുടെ മുമ്പിലും അവന്റെ പേർ ഏറ്റു പറയും" (വാ. 5).

യേശു ജയിക്കുന്നവർക്ക് *ആത്മീയ വസ്ത്രം* വാഗ്ദാനം ചെയ്തിരിക്കയാണ്: "ജയിക്കുന്നവൻ വെള്ളയുടുപ്പ് ധരിക്കും" (വാ. 5).[35] അത് വിശ്വസ്തരായ കുറെ പേർക്ക് വാഗ്ദാനം ചെയ്ത അതേ വസ്ത്രമാണ് (3:4) - കുഞ്ഞാടിന്റെ രക്തത്താൽ വസ്ത്രം അലക്കി വെളുപ്പിച്ച വസ്ത്രം (7:14).[36]

ജയിക്കുന്നവർക്ക് യേശു ഒരു *പ്രധാന തുടർച്ച* വാഗ്ദാനം ചെയ്യുന്നുണ്ട്: "ഞാൻ അവരുടെ പേർ ജീവപുസ്തകത്തിൽനിന്ന് മായ്ച്ചുകളയുകയില്ല" (വാ. 5). ദൈവത്തോടു വിശ്വസ്തരായവരുടെ രേഖയാണ് ജീവപുസ്തകം (സങ്കീർത്തനങ്ങൾ 69:28; മലാഖി 3:16; എബ്രായർ 12:23), അത് തിരുവെഴുത്തു മുഴുവനും പറഞ്ഞിട്ടുണ്ട്. യിസ്രായേല്യർക്കുവേണ്ടി മോശെ ദൈവത്തോട് യാചിച്ചു പറഞ്ഞു, "എങ്കിലും, നീ അവരുടെ പാപം ക്ഷമിക്കേണമെ, ഇല്ലെങ്കിൽ നീ എഴുതിയ നിന്റെ ജീവപുസ്തകത്തിൽനിന്ന് എന്റെ പേർ മായിച്ചുകളയേണമേ. യഹോവ മോശെയോട്, എന്നോട് പാപം ചെയ്തവന്റെ പേർ ഞാൻ എന്റെ പുസ്തകത്തിൽനിന്ന് മായിച്ചുകളയും" (പുറപ്പാട് 32:32, 33).

പ്രസംഗയാത്ര കഴിഞ്ഞു വന്ന എഴുപതുപേരോട് യേശു പറഞ്ഞു, “എങ്കിലും ഭൂതങ്ങൾ നിങ്ങൾക്ക് കീഴടങ്ങുന്നതിലല്ല, നിങ്ങളുടെ പേർ സ്വർഗത്തിൽ എഴുതിയിരിക്കുന്നതിലത്രെ സന്തോഷിപ്പിൻ” (ലൂക്കൊസ് 10:20). “ജീവപുസ്തകത്തിൽ പേരെഴുതിയിരിക്കുന്ന തന്റെ സഹപ്രവർത്തകരെ” കുറിച്ച് പൗലൊസ് ഫിലിപ്പിയർ 4:3-ൽ എഴുതിയിട്ടുണ്ട്. വെളിപ്പാട് 20 ലെ വലിയ ന്യായവിധിരംഗം വെളിപ്പെടുത്തിയിരിക്കുന്നത് നമുക്ക് വായിക്കാം:

> മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നിൽക്കുന്നതും കണ്ടു, പുസ്തകങ്ങൾ തുറന്നു, ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതിന് ഒത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധിയുണ്ടായി ... ജീവപുസ്തകത്തിൽ പേരെഴുതി കാണാത്ത ഏവനേയും തീപ്പൊയ്കയിൽ തള്ളിയിടും (20:12-15).

“കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേരെഴുതിയിരിക്കുന്നവർക്ക് മാത്രമെ” സ്വർഗത്തിൽ പ്രവേശനം ഉള്ളു (21:27).[37]

നാം രക്ഷിക്കപ്പെടുമ്പോൾ (മർക്കൊസ് 16:16) നമ്മുടെ പേർ ജീവപുസ്തകത്തിൽ എഴുതപ്പെടും. എങ്ങനെയായാലും, നാം കർത്താവിനോട് വിശ്വസ്തത പുലർത്തി ജീവിച്ചില്ല എങ്കിൽ, നമ്മുടെ പേർ അവിടെനിന്ന് മായിച്ചു കളയും എന്നും നാം മനസിലാക്കണം! (യാക്കൊബ് 5:19, 20).[38]

അവസാനം, വിജയിക്കുന്നവരെ *പ്രത്യേകമായി ഏറ്റു പറയുമെന്ന്* യേശു വാഗ്ദാനം ചെയ്തു: “അവന്റെ പേർ ഞാൻ എന്റെ പിതാവിന്റേയും അവന്റെ ദൂതന്മാരുടേയും മുമ്പിൽ ഏറ്റു പറയും” (വാ. 5). ആ വാഗ്ദാനം യേശു തന്റെ ഭൗമികശുശ്രൂഷക്കിടയിൽ വാഗ്ദാനം ചെയ്തിരുന്നു:

> മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റു പറയുന്ന ഏവനേയും, സ്വർഗസ്ഥനായ എന്റെ പിതാവിന്റെ മുൻപിൽ ഞാനും ഏറ്റുപറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെയോ, എന്റെ പിതാവിന്റെ മുൻപിൽ ഞാനും തള്ളിപ്പറയും (മത്തായി 10:32, 33).[39]

നാം യേശുവിലുള്ള വിശ്വാസം ഏറ്റു പറഞ്ഞു സ്നാനപ്പെടുമ്പോൾ, യേശു നമ്മുടെ പേർ പിതാവിന്റെ മുൻപിൽ ഏറ്റു പറയും (പ്രവൃത്തികൾ 8:37-39; റോമർ 10:9, 10), അവനെ ഏറ്റു പറയുവാനോ തള്ളിപ്പറയുവാനോ കഴിയാത്ത ഒരു ദിവസം വരാം. ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾക്ക് ചക്രവർത്തിയുടെ കർത്തൃത്വത്തെ ഏറ്റു പറയുകയോ ക്രിസ്തുവിന്റെ കർത്തൃത്വത്തെ തള്ളിപ്പറയുകയോ ചെയ്യുവാൻ സമ്മർദ്ദമുണ്ടായി. യേശുവിനെ ധൈര്യത്തോടെ ഏറ്റു പറയുന്നവരെ അവൻ തുടർച്ചയായി ഏറ്റു പറയുമെന്ന് അവരെ ബോധ്യപ്പെടുത്തുവാൻ അവൻ ആഗ്രഹിച്ചു!

“ആത്മാവ് സഭകളോട് പറയുന്നത്, കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ” (വാ. 6).

### ഉപസംഹാരം

സർദ്ദിസിലുള്ളവർക്ക് കർത്താവിന്റെ താക്കീത് എങ്ങനെ ലഭിച്ചു എന്ന് ന

മുക്ക് അറിയില്ല. അവരുടെ മനസാക്ഷിയെ അത് സ്പർശിക്കുകയും അവരുടെ ജീവിതത്തെ ബാധിക്കുകയും ചെയ്തു. സർദ്ദിസ് സഭ എണ്ണത്തിൽ പെരുകിയിരുന്നു എന്നാണ് തെളിവുകൾ നൽകുന്ന സൂചന; അവർ മനോഹരമായ സഭാമന്ദിരം പണിയുകയും, പിന്നീട് പ്രഗത്ഭരായ അദ്ധ്യക്ഷന്മാരുണ്ടാകുകയും ചെയ്തതായി ചരിത്രം വ്യക്തമാക്കുന്നു. എങ്ങനെയായാലും, ആ പഴയകാല പ്രതാപം പൊയ്പ്പോയി - പട്ടണത്തിനും സഭയ്ക്കുമതെ. പട്ടണത്തിന്റെ[40] നാശാവശിഷ്ടങ്ങളുണ്ടെങ്കിലും, ഇടവകയുണ്ടായിരുന്നതിന്റെ ഒരടയാളവും ശേഷിച്ചിട്ടില്ല.

സർദ്ദിസിലെ സഭയ്ക്ക് മൊത്തത്തിൽ എന്തു സംഭവിച്ചു എന്ന് നമുക്ക് അറിയില്ലെങ്കിലും, വിശ്വാസ്തരായിരുന്ന കുറച്ചുപേർക്ക് എന്തു സംഭവിച്ചു എന്ന് നമുക്ക് അറിയാം: അവർ "വെള്ളയുടുപ്പ് ധരിച്ച്" യേശുവിനോടുകൂടെ നടന്നു (3:4)! "വിശ്വസ്തരായ കുറെപേരിൽ" ഒരാളാകുക എന്നതാണ് ഈ പാഠത്തിന്റെ വെല്ലുവിളി. ടെക്സാസിലെ ഒരു ചെറിയ ഇടവകയിൽ ഒരു ഞായറാഴ്ച്ച പ്രസംഗിക്കുവാൻ ഫ്രാങ്ക് പാക്കിനോട് ആവശ്യപ്പെട്ടു. ആരാധനക്ക് ശേഷം അവിടത്തെ പ്രായമായ ഒരംഗം അദ്ദേഹത്തെ സമീപിച്ച്, തീർച്ചയായും ക്ഷോഭിച്ചുകൊണ്ട് ചോദിച്ചു, "സഹോദരൻ ഫ്രാങ്കേ, ഈ ഇടവക മരിച്ചതാണെന്ന് താങ്കൾ കരുതുന്നുണ്ടോ? ഈ ഇടവക മരിച്ചതാണെന്ന് ഉപദേഷ്ടാവ് കഴിഞ്ഞ ഞായറാഴ്ച്ച പ്രസംഗിക്കയുണ്ടായി." അതിന് പാക്ക് മറുപടി പറയുന്നതിന് മുൻപ് അവർ ഉപ്പൂറ്റി ഊന്നി നിന്ന് ഉച്ചത്തിൽ പറഞ്ഞു, "ഞങ്ങൾ മരിച്ചവര*ല്ല*! *ഞാൻ* ജീവിച്ചിരിക്കുന്നേടത്തോളം, എനിക്ക് മരിക്കു*വാൻ* സാധ്യമല്ല!" ആ ഇടവകയുടെ അവസ്ഥ എനിക്ക് അറിയില്ല, പക്ഷെ അവിടെ ചുരുങ്ങിയത് *ഒരാളി*ലെങ്കിലും തീപ്പൊരി അണയാതെ ജ്വലിക്കുന്നുണ്ടായിരുന്നു. നിങ്ങൾ പ്രവർത്തിക്കുകയും ചേർന്ന് ആരാധിക്കുകയും ചെയ്യുന്ന സഭ ജീവിക്കുകയാണോ അതോ മരിച്ചതാണോ എന്ന് തരംതരിക്കാം, പക്ഷെ *നിങ്ങൾ* കർത്താവിന്റെ സേവനത്തിൽ വിശ്വസ്തനായിരിക്കുമെന്ന് നിങ്ങൾ തീരുമാനിക്കുക. നിങ്ങളുടെ ഉടുപ്പ് അലക്കി വെടിപ്പാക്കിയാൽ നിങ്ങൾക്ക് വെള്ളയുടുപ്പ് ധരിച്ച് യേശുവിനോടുകൂടെ നടക്കുവാൻ കഴിയും![41]

---

**ഉപദേഷ്ടാക്കന്മാർക്കും പ്രാസംഗികർക്കുമുള്ള കുറിപ്പുകൾ**

പലപ്പോഴും, ഈ എഴുത്തിന്റെ തലവാചകത്തിന് ഊന്നൽ കൊടുത്തിരിക്കുന്നത്: "ശ്മശാനത്തിലെ സഭ," "ശവക്കല്ലറക്കല്ലുള്ള പ്രദേശത്തെ സഭ," "ശവപ്പുരയുള്ള ഉയർന്ന കെട്ടിടം," "മരിച്ചതോ അല്ലെങ്കിൽ ജീവിക്കുന്നതോ," "ദുർബ്ബലമായ സഭ," "ജീവിച്ചിരിക്കുന്ന മരിച്ചവരുടെ സഭ." ഉടുപ്പ് മലിനമാക്കാതിരുന്ന കുറെ പേർക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള മറ്റു തലവാചകങ്ങൾ: "വിശ്വസ്തരായ കുറെ പേരുള്ള അവിശ്വസ്ത സഭ," "ശക്തിപ്പെടുത്തുന്നവനും, അഹങ്കാരിയും, കുറെപേരും," "വിശ്വസ്തരായ കുറെ പേരിൽ ഉൾപ്പെടുക," "കുറെ പേർ വിശ്വസ്തരായിരിക്കയാൽ ദൈവത്തിന് സ്തുതി!" സാധ്യതയുള്ള മറ്റു തലവാചകങ്ങൾ: "ഭൂതകാല പ്രതാപവും വർത്തമാനകാല നാശവും," "ഒരു കള്ളനെ പോലെ."

കുറിപ്പുകൾ

[1]സർദ്ദിസ് സ്ഥിതി ചെയ്തിരുന്നത് തുയഥൈരയുടെ തെക്കു-തെക്കുകിഴക്കായിട്ടായിരുന്നു. "ആസ്യയിലെ ഏഴ് സഭകളും പത്മൊസ് ദ്വീപും" എന്ന ഭൂപടം നോക്കുക. [2]മറ്റൊന്ന് ലവദോക്യയിലെ സഭ. [3]സർദ്ദിസിൽ സഭ ആരംഭിച്ചത് എപ്പോഴാണെന്ന് നമുക്ക് അറിയില്ല. പൗലൊസ് എഫെസൊസിൽ പ്രവർത്തിച്ചപ്പോഴായിരിക്കുവാൻ സാധ്യതയുണ്ട് (പ്രവൃത്തികൾ 19:1, 8-10). വളരെ ശ്രദ്ധേയമായ രീതിയിൽ വചനം സർദ്ദിസിൽ എത്തിയതായി വാക്യം 3 പറയുന്നു. [4]ലുദിയയിലെ അവസാനത്തെ രാജാവായിരുന്ന, ക്രൊയേസസ്, ബി. സി. 546-ൽ മരിച്ചുപോയി. [5]"ക്രൊയേസസിനെ പോലെ ധനികനായ" എന്ന പ്രയോഗം ഇപ്പോഴുമുണ്ട്. [6]ഗവൺമെന്റ മുദ്രയും *ഉറപ്പുമുള്ള* ആദ്യ നാണയം ഇറക്കിയത് സർദ്ദിസായിരുന്നു. [7]തെറ്റിപ്പോകാതെ സംരക്ഷിക്കുന്നതിന്, പ്രഖ്യാപിക്കപ്പെട്ട "ശ്വാസിയമെന്ന്" - കരുതപ്പെട്ടിരുന്ന അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരുടെ അരുളപ്പാടുകൾ. [8]ഏതാണ്ട് നൂറു വർഷങ്ങൾക്ക് ശേഷം ഇത് വീണ്ടും സംഭവിച്ചു. [9]വില്യം ബാർക്ലേ, *ലെറ്റേഴ്സ് ടു ദ സെവെൻ ചർച്ചസ്* (ഫിലദെൽഫിയ വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1957), 84. [10]എഫെസൊസ് സഭയ്ക്കുള്ള എഴുത്തിൽ, നക്ഷത്രങ്ങളുള്ളവൻ, എന്നാണ് യേശു തന്നെ വെളിപ്പെടുത്തിയത്, എന്നാൽ അവൻ നടന്നു, സഭകളെ പരിശോധിക്കുന്നു എന്ന ശാന്തമല്ലാത്ത സത്യവും ചേർത്തിരിക്കുന്നു (2:1). 3:1 ലെ മുഴുവൻ വിവരണവും പ്രോൽസാഹിപ്പിക്കുന്നതാണ്.

[11]*വെളിപ്പാട്, 1 ലെ,* 1:4 ലെ കുറിപ്പ് നോക്കുക. [12]*വെളിപ്പാട്, 1 ലെ* 1:16 ലെ കുറിപ്പ് നോക്കുക. [13]ഫിലദെൽഫിയക്കും ലവദോക്യക്കുമുള്ള എഴുത്തുകളിൽ യേശു ഇത് ആവർത്തിച്ചിരിക്കുന്നു (3:8, 15). [14]*ബഹുമതിയാണ്* തങ്ങളെന്ന് ആളുകൾ സ്വയം വിചാരിക്കും, പക്ഷെ *സ്വഭാവമാണ്* വാസ്തവത്തിൽ ആളുകൾ. [15]ആത്മാവും ശരീരവും തമ്മിലുള്ള *വേർപാടാണ്* ഭൗതികമരണം (യാക്കൊബ് 2:26). [16]കെജെവിയിൽ "പെർഫെക്റ്റ്" എന്നതിന്റെ ഗ്രീക്ക് വാക്ക് ഉപയോഗിച്ചിരിക്കുന്നതിന്റെ ആർത്ഥം "ടു ബി പെർഫെക്ടഡ്," അല്ലെങ്കിൽ "കംപ്ലീറ്റഡ്" എന്നാണ്. [17]"എന്റെ ദൈവം" എന്ന പ്രയോഗം അപ്പൊസ്തലനായ യോഹന്നാന്റെ എഴുത്തുകളിൽ മാത്രമുള്ളതാകകൊണ്ട്, വെളിപ്പാട്പുസ്തകവും യോഹന്നാൻ എഴുതി എന്നു തെളിയുന്നു. [18]നാം തുടങ്ങിയത് അവസാനിപ്പിക്കേണ്ടതിന്റെ ആവശ്യം ഊന്നി പറയുന്ന വേദഭാഗമാണിത്. വാക്കുകൾ കൊണ്ടുള്ള പന്താടൽ ലോകത്തിന്റെ ചില ഭാഗത്ത് നിങ്ങൾക്ക് ഉപയോഗിക്കാം. അവർ *തുടങ്ങി വെക്കും,* പക്ഷെ *അവസാനി-പ്പിക്കു*കയില്ല. [19]"ഉടുപ്പ്" അവരുടെ ജീവിതത്തെയാണ് കാണിക്കുന്നത്. ബൈബിളിലുടനീളം അത്തരം അലങ്കാരഭാഷ ഉപയോഗിച്ചിട്ടുണ്ട് (ഗലാത്യർ 3:27 ലും; എഫെസ്യർ 4:22, 24; വെളിപ്പാട് 7:9 ലും). [20]"സോയിൽഡ്" എന്നതിനുപകരം കെജെവിയിൽ "ഡെഫൈൽഡ്" എന്ന ശക്തമായ വാക്കാണ്, ഗ്രീക്ക് വാക്കിനോട് കൂടുതൽ നീതി പുലർത്തിയിരിക്കുന്നത്. അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരുടെ എഴുത്തുകാർക്കിടയിലും സർദ്ദിസ് അധാർമ്മിക പട്ടണം ആയിട്ടാണ് അറിയപ്പെട്ടിരുന്നത്.

[21]ജെ. ഡബ്ലിയു. റോബെർട്ട്സ്, *ദ റെവെലേഷൻ ടു ജോൺ* (*ദ അപോകാലിപ്സ്*), ദ ലിവിങ്ങ് വേഡ് കമെന്ററി സീരീസ് (ആസ്റ്റിൻ, ടെക്സ്: സ്വീറ്റ് പബ്ലിഷിങ്ങ് കമ്പനി., 1974), 47. [22]യൂദാ 23 നോക്കുക. [23]വാരെൻ ഡബ്ലിയു. വിയേഴ്സ്ബേ, *ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി*, വാല്യം. 2 (വീറ്റൺIII.: വിക്ടർ ബുക്സ്, 1989), 577. [24]"സിറ്റിആർ" എന്നത് "കാർഡിയോപൾമോണറി റീസസിറ്റേഷൻ" ആണ്, ശ്വാസം-കിട്ടാത്ത ഒരാൾക്ക് ശരിയായ രീതിയിൽ സിറ്റിആർ ഘടിപ്പിച്ച് കൃത്രിമമായി ശ്വാസം കൊടുത്ത് ഹൃദയമിടിപ്പ് നിലനിർത്തുന്ന സാങ്കേതിക സംവിധാനമാണത്.

[25]“ശേഷിപ്പുകൾ” എന്നതു സൂചിപ്പിക്കുന്നത്, ഇടവകയിൽ ജീവിക്കുന്നതായി *എന്തെങ്കിലും* ഉണ്ടെങ്കിൽ എന്നാണ് - അവരുടെ ഹൃദയങ്ങളിൽ എന്തെങ്കിലും ആത്മിയ പ്രവർത്തികളും, സത്യത്തിന്റെ പരിജ്ഞാനവും അവശേഷിക്കുന്നുവെങ്കിൽ, ഇടവകയിലെ വിശ്വസ്തരായവർ ശേഷമുള്ളവരെ പ്രോൽസാഹിപ്പിക്കയും പ്രചോദിപ്പിക്കയും വേണം. [26]“ഉണർന്നുകൊൾക” എന്ന പദം ഗ്രീക്കിൽനിന്ന് തർജിമ ചെയ്തിരിക്കുന്നത്, തുടർപ്രവർത്തിയെ കാണിക്കുന്ന, വർത്തമാനകാലത്തിലാണ്. അവർ “ഉണർന്നുകൊൾക” മാത്രമല്ല, *സ്ഥിരമായി* തങ്ങളെ കാത്തുകൊള്ളുകയും വേണമായിരുന്നു. “നിത്യമായ ജാഗ്രതയാണ് സ്വാതന്ത്ര്യത്തിന്റെ വില” എന്ന് ആരോ പറയുകയുണ്ടായി. [27]“ഓർക്കുക” എന്ന വാക്ക് ഗ്രീക്കിൽനിന്നു തർജിമ ചെയ്തിരിക്കുന്നതിന്റെ അർത്ഥം വെറുതെ ഓർക്കുകയല്ല, മറിച്ച് മനസിൽ *സൂക്ഷിക്കുക* എന്നാണ്. [28]ഈ വാക്യം 2:5 മായി താരതമ്യം ചെയ്യുക. എഫെസൊസിനും സർദ്ദിസിനും ഉള്ള എഴുത്തുകളിൽ പല സമാനതകളുമുണ്ട്. [29]“കാത്തുകൊൾക” എന്നത് ഗ്രീക്കിൽനിന്ന് തർജിമ ചെയ്തിരിക്കുന്നത് വർത്തമാന കാലത്തിലാണ്. അവർ അതു *തുടർച്ചയായി* പിടിച്ചുകൊള്ളണമെന്നർത്ഥം. [30]അവന്റെ *രണ്ടാം വരവിന്* ഊന്നൽ കൊടുത്തുകൊണ്ട്, മറ്റു ഭാഗങ്ങളിൽ കള്ളനെ പോലെ എന്ന ചിത്രീകരണം ഉപയോഗിച്ചിട്ടുണ്ട് (മത്തായി 24:42-44; ലൂക്കൊസ് 12:39, 40; 1 തെസലൊനിക്യർ 5:2, 4; 2 പത്രൊസ് 3:10). വെളിപ്പാട് 3:3-ൽ, “ഇത് മാനസാന്തരപ്പെടാത്തവരെ ശിക്ഷിപ്പാനായി അഥവാ ന്യായവിധി നടത്തുന്ന *പരിമിതമാണെന്ന്* വ്യക്തമാക്കുന്നു” (ലിയോൺ മോറിസ്, *റെവെലേഷൻ,* റെവ, എഡി., ദ ടിൻഡെയിൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു. എം. ബി. എഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1987 ], 76). (എംഫസിസ് മൈൻ).

[31]കഴിഞ്ഞ എഴുത്തുകളിൽ, താൻ വരുമ്പോൾ എന്തു ചെയ്യുമെന്ന് യേശു വ്യക്തമാക്കിയിരുന്നു (2:5, 16). സർദ്ദിസിലെ മാനസാന്തരപ്പെടാത്തവർക്ക് അവൻ വിശദാംശങ്ങളൊന്നും നൽകിയില്ല, എന്നാൽ “അത് നിർവ്വചിക്കാതിരിക്കുന്നതുകൊണ്ട് അതിഭയങ്കരമായിരിക്കും” (മോറിസ്, 76). [32]ഒരാളോടുകൂടെ നടക്കുക എന്നത് അയാളോടുള്ള ബന്ധവും, കൂട്ടായ്മയും സമ്മതിക്കുക എന്നാണ് അർത്ഥമാക്കുന്നത് (ആമോസ് 3:3; ഉൽപത്തി 5:22, 24; 6:9). [33]വെള്ള വിശുദ്ധിയേയും, ആഘോഷത്തെയും, വിജയത്തെയുമാണ് കാണിക്കുന്നത്. വിശ്വസ്തരായ കുറേ പേർ ശുദ്ധീകരിക്കപ്പെട്ടുകഴിഞ്ഞതുകൊണ്ട്, വിജയകരമായ പ്രവേശനത്തിന്റെ ചിത്രീകരണത്തിൽ ആഘോഷവും വിജയവുമാണ് യോജിപ്പിച്ചിരിക്കുന്നത്. [34]“ദൈവവചനം മനുഷ്യർക്ക് ചില യോഗ്യതകൾ നൽകുന്നുണ്ട്, അത് എപ്പോഴും തികച്ചുമുള്ളതല്ല, മറിച്ച് ആപേക്ഷികമാണ്.” (ജെയിംസ് എം. ടോൾ, *ദ സെവെൻ ചർച്ചസ് ഓഫ് ആസ്യ* ധഫിലദെൽഫിയ, ടെക്സ്.: ഹാൺ പബ്ലിഷിങ്ങ് കമ്പനി., 1968പ, 62). ടോൾ ശരിയായിരുന്നു എന്നതിന്റെ തെളിവിന് വെളിപ്പാട് 5:2-4 നോക്കുക. സൃഷ്ടിക്കപ്പെട്ട യാതൊന്നും വാസ്തവത്തിൽ “യോഗ്യമല്ല.” [35]പ്രകാശ-നിറമുള്ള വസ്ത്രങ്ങൾക്ക് പ്രസിദ്ധമായിരുന്നു സർദ്ദിസ്. കമ്പിളിക്ക് നിറം പിടിപ്പിക്കുന്നത് ആ പട്ടണത്തിൽനിന്നായിരിക്കാം ആരംഭിച്ചത്. [36]ഈ പാഠത്തിന്റെ അവസാനം വരുന്ന “കൊടുങ്കാറ്റിനുമുകളിൽ ഉയരൽ” എന്ന പാഠത്തിലെ 7:14 ലെ കുറിപ്പ് നോക്കുക. [37]വെളിപ്പാട് 13:8; 17:8 നോക്കുക. [38]വിശ്വാസത്യാഗത്തിന് സാധ്യതയുണ്ടെന്നതിന്റെ ശക്തമായ വേദഭാഗമാണിത്. കാൽവനിസം സ്വീകരിച്ചിരിക്കുന്നവരെ പ്രയാസപ്പെടുത്തുന്നതാണ് ഈ വേദഭാഗം. [39]ലൂക്കൊസ് 12:8, 9 നോക്കുക. [40]ജിംനേഷ്യം, ക്ഷേത്രം, ഒരു പുരാതന പള്ളിയടക്കമുള്ളവ പട്ടണത്തിന്റെ താഴെയുള്ള ഭാഗത്തിന്റെ ആകർഷണീയമായ നാശാവശിഷ്ടങ്ങളോടൊപ്പം കണ്ടെടുത്തിട്ടുണ്ട്.

[41]ശ്രദ്ധിക്കുന്നവർക്ക് ആത്മിക കണ്ടുപിടുത്തങ്ങൾ നടത്തുവാനുള്ള വെല്ലുവിളി

യുള്ള ഒരു മാതൃകാ പാഠമാണിത്. ഇടവകക്ക് മൊത്തത്തിൽ യേശു നൽകുന്ന മുന്നറിയിപ്പ് (3:1) അവരെ ബാധിക്കുന്നതും, യേശുവിന്റെ നിർദ്ദേശങ്ങൾ അവരെ പ്രോൽസാഹിപ്പിക്കുന്നതുമാണ് (3:2, 3). *എല്ലാ*വരേയും ജയിക്കുവാൻ വെല്ലുവിളിക്കുന്നു (3:5).

---

**പുനരവലോകനത്തിനും ചർച്ചക്കുമുള്ള ചോദ്യങ്ങൾ**

1. ഒരു പ്രശംസയും പറയാത്ത രണ്ട് സഭകൾ ഏവ?
2. സർദ്ദിസ് പട്ടണത്തിലെ ഏതെല്ലാം മൂന്നു സ്വഭാവങ്ങളാണ് അവിടത്തെ സഭയ്ക്കും ഉണ്ടായിരുന്നത്?
3. "ഏഴ് ആത്മാക്കൾ" ആർ (അല്ലെങ്കിൽ) എന്ത്?
4. സർദ്ദിസ് സഭയ്ക്ക് "ജീവിച്ചിരുന്ന" എന്ന "പേർ" ഉണ്ടായിരുന്നു എന്ന് യേശു പറഞ്ഞതിന്റെ അർത്ഥമെന്ത്?
5. ഏതർത്ഥത്തിലാണ് അവർ "മരിച്ചവർ" ആയിരുന്നത്?
6. പാഠത്തിൽ, അവരുടെ ആത്മിയ അവസ്ഥയുടെ നാല് ലക്ഷണങ്ങൾ പറയുന്നത് നൽകുക.
7. "നിന്റെ പ്രവൃത്തികൾ പൂർത്തിയാക്കിയതായി ഞാൻ കണ്ടില്ല" എന്ന് പറഞ്ഞതിന്റെ അർത്ഥമെന്ത്? നിങ്ങൾ സംബന്ധിക്കുന്ന ഇടവക എന്തെങ്കിലും പ്രവൃത്തി തുടങ്ങിയിട്ട് പൂർത്തിയാക്കാത്തതുണ്ടോ? നിങ്ങൾ ഏതെങ്കിലും പ്രവൃത്തി തുടങ്ങിയിട്ട് പൂർത്തിയാക്കാത്ത തുണ്ടോ?
8. ഈ പാഠത്തിൽ ഉപദ്രവത്തെ കുറിച്ച് ഒന്നും പറയാതിരുന്നതെന്തുകൊണ്ടാണെന്നാണ് നിങ്ങൾ വിചാരിക്കുന്നത്?
9. നവീകരിക്കപ്പെടുവാൻ സഭ എന്താണ് ചെയ്യേണ്ടത്?
10. "ഉടുപ്പ്" "മലിന[മാക്കുക]" എന്നതുകൊണ്ട് യേശു അർത്ഥമാക്കിയതെന്ത്? ക്രിസ്ത്യാനി ലോകത്തിൽനിന്ന് വ്യത്യസ്തമായി ജീവിക്കേണ്ടതുണ്ടോ?
11. നിങ്ങൾ സംബന്ധിക്കുന്ന ഇടവകയിൽ "വിശ്വസ്തരായ കുറെ" പേർ ഉണ്ടോ? അവരിൽ ഒരാൾ നിങ്ങളാണോ?
12. തങ്ങളുടെ അലംഭാവത്തെയും നിഷ്ഫലത്വത്തെയും അതിജീവിക്കുന്നവർക്ക് യേശു എന്താണ് വാഗ്ദാനം ചെയ്തത്?
13. എന്താണ് "ജീവപുസ്തകം"? നിങ്ങളുടെ പേർ ജീവപുസ്തകത്തിൽ വേണ്ടത് എത്ര പ്രാധാന്യമുള്ളതാണ്? ആ രേഖയിൽ നിങ്ങളുടെ പേരും എഴുതപ്പെടേണ്ടതിന് നിങ്ങൾ എന്തു ചെയ്യണം? നിങ്ങളുടെ പേർ അവിടെ സൂക്ഷിക്കുവാൻ നിങ്ങൾ എന്തു ചെയ്യണം?




യേശു നിലവിളക്കുകളുടെ നടുവിൽ നടക്കുന്ന ദർശനം
(1:12-16)